**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

dtekerala@gmail.com

04712561307


**നടപടിക്രമം**

വിദ്യാഭ്യാസം -സാങ്കേതിക.-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്- തൃപ്രയാർ ശ്രീരാമ ഗവൺമെൻറ് പോളിടെക്നിക് കോളേജിലെ ഹീറ്റ് എഞ്ചിൻ ലാബിലെ സ്റ്റോർ റൂം , കോറിഡോർ, സ്റ്റോർ റൂം, മെഷീൻ ഷോപ്പിലെ സ്റ്റാഫ് റൂം, ഇലക്ട്രോണിക്സ് ലാബ് , ഇലക്ട്രിക്കൽ വർക്ക്ഷോപ്പ് എന്നിവിടങ്ങളിൽ ടൈൽ പാകുന്നതിനുള്ള ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പർച്ചേസ് (എ) വിഭാഗം

നം: D4/48570/22/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 18.07.2023

---

വായന:- 1.22/11/2022 ലെ തൃപ്രയാർ ശ്രീരാമ സർക്കാർ പോളി ടെക്നിക് കോളേജിലെ പ്രിൻസിപ്പലിൻറെ കത്ത് നം. സി 1/4258/2022

2.ചാവക്കാട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് നം. PWD/BLDG/EST/20261/2022_5_1_1

3.07/06/2023 ലെ ഇ കാര്യാലയത്തിലെ പർച്ചേസ് കമ്മിറ്റി മിനിറ്റ്സ്

**ഉത്തരവ്**

തൃപ്രയാർ ശ്രീരാമ സർക്കാർ പോളി ടെക്നിക് കോളേജിലെ ഹീറ്റ് എഞ്ചിൻ ലാബിലെ സ്റ്റോർ റൂം , കോറിഡോർ, സ്റ്റോർ റൂം, മെഷീൻ ഷോപ്പിലെ സ്റ്റാഫ് റൂം ഇലക്ട്രോണിക്സ് ലാബ് , ഇലക്ട്രിക്കൽ വർക്ക്ഷോപ്പ് എന്നിവിടങ്ങളിൽ ടൈൽ പാകുന്നതിനായി **15,00,000/- (പതിനഞ്ച് ലക്ഷം രൂപ)** രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കായി വായന(1) പ്രകാരം സ്ഥാപനമേധാവി സമർപ്പിച്ചിരിക്കുന്നു.

വായന (2) പ്രകാരം സ്ഥാപനത്തിലെ ഹീറ്റ് എഞ്ചിൻ ലാബിലെ സ്റ്റോർ റൂം , കോറിഡോർ, സ്റ്റോർ റൂം, മെഷീൻ ഷോപ്പിലെ സ്റ്റാഫ് റൂം ഇലക്ട്രോണിക്സ് ലാബ് , ഇലക്ട്രിക്കൽ വർക്ക്ഷോപ്പ് എന്നിവിടങ്ങളിൽ ടൈൽ പാകുന്നതിനായി ചാവക്കാട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയർ **15,00,000/-** രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നു.

വായന (3) പ്രകാരം മേൽ പ്രൊപ്പോസൽ ഈ കാര്യാലയത്തിലൽ 07/06/2023 ൽ ചേർന്ന പർച്ചേസ് കമ്മിറ്റിയിൽ പരിഗണിക്കുകയും **"2203-00-105-79-17 MW PLAN"** എന്ന ശീർഷകത്തിൽ ഭരണാനുമതി അനുവദിക്കുവാൻ തീരുമാനിച്ചു.

മേൽ സാഹചര്യത്തിൽ തൃപ്രയാർ ശ്രീരാമ സർക്കാർ പോളി ടെക്നിക് കോളേജിലെ ഹീറ്റ് എഞ്ചിൻ ലാബിലെ സ്റ്റോർ റൂം , കോറിഡോർ, സ്റ്റോർ റൂം, മെഷീൻ ഷോപ്പിലെ സ്റ്റാഫ് റം ഇലക്ട്രോണിക്സ് ലാബ് , ഇലക്ട്രിക്കൽ വർക്ക്ഷോപ്പ് എന്നിവിടങ്ങളിൽ ടൈൽ പാകുന്നതിനായി **15,00,000/- (പതിനഞ്ച് ലക്ഷം രൂപ)** രൂപയ്ക്കുള്ള ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സർക്കാർ ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഡിപ്പോസിറ്റ് വർക്ക് ആയി പ്രവർത്തനങ്ങൾ ചെയ്യേണ്ടതാകുന്നു.

പ്രസ്തുത ചെലവിന് ആവശ്യമായ തുക "2203-00-105-79-17 MW PLAN" ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

**നിബന്ധനകൾ**

1.ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി നിർമാണം പൂർത്തിയാക്കേണ്ടതാണ്.

2.ഫീൽഡ് സ്ഥാപനവും നിർവഹകണ ഏജൻസിയും സംയുകതമായി മൂന്ന് മാസത്തിൽ ഒരിക്കൽ, പ്രസ്തുത പ്രവർത്തി പൂർത്തിയാകുന്നത് വരെ അവലോകനം നടത്തേണ്ടതാണ്.

3.പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം ധനവിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

Draft #1 of File D4/48570/22/DTE Approved by Director (in-charge) on 18-Jul-2023 01:22 PM - Page 1

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1.പ്രിൻസിപ്പാൾ, ശ്രീരാമ സർക്കാർ പോളി ടെക്നിക് കോളേജ്, തൃപ്രയാർ
2. അസിസ്റ്റൻറ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, ചാവക്കാട് .
3. അക്കൌണ്ടൻറ് ജനറൽ (A&E) കേരള, തിരുവനന്തപുരം
4.സൂപ്രണ്ട്, ഫിൻ (എ) സെക്ഷൻ
5.ഓഫീസ് പകർപ്പ്.

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 18.07.2023
Reason: Approved

Draft #1 of File D4/48570/22/DTE Approved by Director (in-charge) on 18-Jul-2023 01:22 PM - Page 2

The document is digitally approved. Hence signature is not needed.